# ഇരുൾ നീങ്ങി, ഇസ്ലാം കണ്ടു, കണ്ണീർ പടർന്ന അമ്മയുടെ മുഖം

■ സ്വന്തം ലേഖിക
കൊച്ചി

എൻജിനീയറാകാനായിരുന്നു ഇസ്ലാം ഹുസൈന്റെ ആഗ്രഹം. സ്വപ്നങ്ങളിലേക്കുള്ള യാത്രക്കിടയിലാണ് ഒരു ദിവസംകൊണ്ട് അപ്രതീക്ഷിതമായി യെമൻ സ്വദേശി ഇസ്ലാം ഹുസൈന്റെ ജീവിതം കീഴ്മേൽ മറിഞ്ഞത്. പൂർണ ആരോഗ്യവാനായിരുന്ന ആ യുവാവിന്റെ ഇരുകൈകളും ഒരു ബോംബ് സ്ഫോടനത്തിൽ നഷ്ടമായി. രണ്ടു കണ്ണുകളെയും ഇരുട്ടു മൂടി. കാലുകളും മുറിച്ചുനീക്കണമെന്നു ഡോക്ടർമാർ വിധിയെഴുതി.

പ്രതീക്ഷയുടെ കൈത്തിരിവെട്ടം തേടി ഇസ്ലാം യെമനിൽനിന്ന് ഇന്ത്യയിലെത്തി. അമൃത ആശുപത്രിയിലെ ചികിത്സയിലൂടെ ഒരു കണ്ണിലെ ഇരുൾ നീങ്ങിയപ്പോൾ അവൻ ആദ്യം കണ്ടത് അമ്മയുടെ കണ്ണീർ പടർന്ന മുഖം...

മധ്യയെമനിലെ പുരാതന ഗ്രാമമായ ഖെന്നീസിനു സമീപം താമസിക്കുന്ന അഹമ്മദ് മുഹമ്മദിന്റെയും ദിക്ര ഹുസൈന്റെയും ആറു മക്കളിൽ മൂന്നാമനാണ് 22 വയസുകാരനായ ഇസ്ലാം ഹുസൈൻ. ഇവിടെ തീവ്രവാദികൾ തമ്മിലുള്ള യുദ്ധവും ബോംബ് വർഷവും നിത്യസംഭവം. 11-ാം ക്ലാസ് വിദ്യാർഥിയായിരുന്ന ഹുസൈൻ കഴിഞ്ഞ വർഷം ഓഗസ്റ്റിൽ സുഹൃത്തുക്കളോടൊപ്പം വീട്ടിൽനിന്നു കടയിലേക്കു നടന്നു പോകുമ്പോഴാണ് അപ്രതീക്ഷിതമായി ബോംബ് സ്ഫോടനമുണ്ടാകുന്നത്. ഗുരുതരമായി പരുക്കേറ്റ യുവാവിനെ പെട്ടെന്നു തന്നെ ആശുപത്രിയിലാക്കിയെങ്കിലും രണ്ടു കണ്ണുകളും കൈകളും നഷ്ടമായിരുന്നു.



■ കൊച്ചി അമൃത ആശുപത്രിയിൽ നടന്ന കോർണിയൽ ട്രാൻസ്പ്ലാന്റ് എന്ന ശസ്ത്രക്രിയയിലൂടെ ഇടതു കണ്ണിനു കാഴ്ച തിരികെ ലഭിച്ച യെമൻ സ്വദേശി ഇസ്ലാം ഹുസൈൻ(മധ്യത്തിൽ) അമ്മ ദിക്ര ഹുസൈൻ, ശസ്ത്രക്രിയയ്ക്കു നേതൃത്വം നൽകിയ ഒഫ്താൽമോളജി വിഭാഗത്തിലെ ഡോ. അനിൽ രാധാകൃഷ്ണൻ എന്നിവർക്കൊപ്പം.

തുടർന്ന് ഈജിപ്തിലെ ഒരു ആശുപത്രിയിലേക്കു മാറ്റി. അണുബാധ ബാധിച്ച രണ്ടു കൈകളും മുട്ടിനു താഴെ മുറിച്ചുനീക്കി. പിന്നീട് ഹുസൈന്റെ കൂട്ടുകാരന്റെ നിർദേശപ്രകാരമാണ് ചികിത്സ ഇന്ത്യയിലേക്കു മാറ്റിയത്.

ജയ്പൂരിലെ പ്രശസ്തമായ ആശുപത്രിയിൽ ഏഴു ശസ്ത്രക്രിയകളിലൂടെയാണ് ഗുരുതരമായി പരുക്കേറ്റ രണ്ടു കാലുകളും പുനർനിർമിച്ചെടുത്തത്. തുടർന്ന് കൈപ്പത്തി മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്താനാണു കഴിഞ്ഞ ഡിസംബറിൽ കൊച്ചിയിലെ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലെ ഹാൻഡ് ട്രാൻസ്പ്ലാന്റ് മെഡിക്കൽ വിഭാഗത്തിൽ എത്തിയത്.

കണ്ണിനു കാഴ്ചയില്ലാതെ കൈപ്പത്തി മാറ്റിവയ്ക്കുന്നതിലെ സാങ്കേതികമായ ബുദ്ധിമുട്ടുകൾ ഡോക്ടർമാർ മാതാപിതാക്കളെ പറഞ്ഞുമനസിലാക്കി. തുടർന്ന് ആദ്യം കണ്ണിന്റെ ശസ്ത്രക്രിയ നടത്താൻ തീരുമാനിച്ചു. വലതു കണ്ണ് ശരിയാക്കാൻ സാധിക്കാത്തവിധം പൂർണമായി തകർന്നിരുന്നു. ബോംബ് ആക്രമണത്തിൽ ചിന്നിച്ചിതറിയ നിലയിലായിരുന്ന ഇടതുകണ്ണ് പുനർനിർമിച്ച് കോർണിയൽ ട്രാൻസ്പ്ലാന്റ് നടത്തി. ഒരു ദിവസം കഴിഞ്ഞ് കണ്ണു തുറന്നപ്പോൾ ഇസ്ലാം ഹുസൈൻ മുന്നിലുണ്ടായിരുന്ന അമ്മയെ വ്യക്തമായി കണ്ടു. ഇടതുകണ്ണിന്റെ കാഴ്ച 90 ശതമാനം തിരിച്ചുകിട്ടിയതായി ഒഫ്താൽമോളജി വിഭാഗത്തിലെ ഡോ. അനിൽ രാധാകൃഷ്ണൻ പറഞ്ഞു. കൈകൾ മാറ്റിവയ്ക്കുന്നതിനുള്ള മുൻഗണനാ പട്ടികയിൽ ഹുസൈന്റെ പേരും നൽകിയിട്ടുണ്ടെന്ന് ഒഫ്താൽമോളജി വിഭാഗം മേധാവി ഡോ. ഗോപാൽ എസ്. പിള്ള പറഞ്ഞു. തുടർപരിശോധനകൾക്കും ചികിത്സയ്ക്കുമായി അടുത്ത രണ്ടുവർഷമെങ്കിലും കൊച്ചിയിലുണ്ടാവുമെന്ന് ഇസ്ലാം ഹുസൈന്റെ പിതാവും യെമനിലെ സർക്കാർ ഹയർ സെക്കൻഡറി അധ്യാപകനുമായ അഹമ്മദ് പറഞ്ഞു. ഡോ. ജിമ്മി മാത്യുവും പത്രസമ്മേളനത്തിൽ പങ്കെടുത്തു.